"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**<u>സംഗ്രഹം</u>**

സഹകരണ വകുപ്പ് - വാർഷിക പദ്ധതി 2025-26 – സംസ്ഥാന സഹകരണ യൂണിയന് ധനസഹായം - തുക റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.523/2025/Co-Op തീയതി,തിരുവനന്തപുരം, 17-12-2025

---

പരാമർശം:-

1. സഹകരണ സംഘം രജിസ്ട്രാറുടെ 03/09/2025 ലെ പി&എം എ (1)/5785/2025,നം.കത്ത്.
2. സഹകരണ സംഘം രജിസ്ട്രാറുടെ പി&എം ബി(6) 10178/2025 നം കുറിപ്പ്
3. 25/09/2025 ലെ വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനം.
4. സ.ഉ.(സാധാ)നം. 462/2025/സഹ തീയതി 29/10/2025
5. സർക്കുലർ നം.35/2024/ധന തീയതി 12/06/2024

**<u>ഉത്തരവ്</u>**

സംസ്ഥാന സഹകരണ യൂണിയന്റെ പരിശീലന കേന്ദ്രങ്ങളെ സജ്ജമാക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം ,തൃശൂർ, കോഴിക്കോട് എന്നീ 3 ജില്ലകളിലെ സഹകരണ പരിശീലന കേന്ദ്രം /കോളേജുകളിലായി നിലവിലെ 4 ക്ലാസ് മുറികൾ വീതം സ്മാർട്ട് ക്ലാസ് മുറികളായി പരിവർത്തനം (ആകെ 12 ക്ലാസ് മുറികൾ) ചെയ്യുന്നതിനായി സംസ്ഥാന സഹകരണ യൂണിയൻ, സർക്കിൾ സഹകരണ യൂണിയൻ, സഹകരണ മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് എന്നിവയ്ക്കുള്ള ധനസഹായ പദ്ധതി പ്രകാരം 1,20,00,000/- രൂപ അനുവദിക്കുന്നതിന് പരാമർശം (4) പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

2. മേൽ തുക അനുവദിക്കുന്ന വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. സംസ്ഥാന സഹകരണ യൂണിയന്റെ പരിശീലന കേന്ദ്രങ്ങളെ സജ്ജമാക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം ,തൃശൂർ, കോഴിക്കോട് എന്നീ 3 ജില്ലകളിലെ സഹകരണ പരിശീലന കേന്ദ്രം /കോളേജുകളിലായി നിലവിലെ 4 ക്ലാസ് മുറികൾ വീതം സ്മാർട്ട് ക്ലാസ് മുറികളായി പരിവർത്തനം (ആകെ 12 ക്ലാസ് മുറികൾ) ചെയ്യുന്നതിനായി സംസ്ഥാന സഹകരണ യൂണിയൻ, സർക്കിൾ സഹകരണ യൂണിയൻ, സഹകരണ മാനേജ് മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് എന്നിവയ്ക്കുള്ള ധനസഹായ പദ്ധതി പ്രകാരം ആദ്യ ഗഡുവായി 85 ലക്ഷം രൂപ ധനസഹായം (എൺപത്തഞ്ച് ലക്ഷം രൂപ മാത്രം) {(2425-003-89-35 (മൂലധന ആസ്തികളുടെ രൂപീകരണം) ശീർഷകം - 38.50ലക്ഷം രൂപ, 2425-003-89-36 (ശമ്പളേതരം) ശീർഷകം 46.50 ലക്ഷം രൂപ)} 2025-26 സാമ്പത്തികവർഷത്തിൽ റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ്

പുറപ്പെടുവിക്കുന്നു.

**3.** പരാമർശം (5) ലെ നിർദ്ദേശങ്ങൾ കർശനമായി പാലിച്ചുകൊണ്ട് മേൽ തുക ബന്ധപ്പെട്ട ശീർഷകങ്ങളിൽ നിന്നും **2025-26** സാമ്പത്തികവർഷത്തിൽ സഹകരണ സംഘം രജിസ്ട്രാർ പിൻവലിച്ച് നൽകേണ്ടതും ഫണ്ട് വിനിയോഗം സംബന്ധിച്ച് സൂക്ഷ്മമായി നിരീക്ഷിയ്ക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അജി ഫിലിപ്പ്

അഡിഷണൽ സെക്രട്ടറി

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

ജില്ലാ ട്രഷറി ആഫീസർ, തിരുവനന്തപുരം.

ധനകാര്യ (അഗ്രി-സി) വകുപ്പ് (അഗ്രി സി**1/207/2025**/ധന)

വെബ് & ന്യൂ മീഡിയ, ഓഫീസ് കോപ്പി (ബി**3/207/2025**)

ഉത്തരവിൻ പ്രകാരം

Signed by
Priyanka T V
Date: 18-12-2025 12:07:06

സെക്ഷൻ ഓഫീസർ

പകർപ്പ്:-ബഹു. സഹകരണ വകുപ്പ് മന്ത്രിയുടെ പി.എസ്.

സഹകരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.